കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡ് നിർമ്മിക്കാൻ നടപടി

83 (4691) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് ഫിഷറീസ് റോഡ് നിർമ്മിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡ് നിർമ്മിക്കാനുള്ള അംഗീകാരം നല്കാനും ആവശ്യമായ ഫണ്ട് അനുവദിക്കാനും നടപടികൾ ഈ വർഷം തന്നെ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഈ റോഡു നിർമ്മാണത്തിനായി ജലവിഭവ വകുപ്പ് തയ്യാറാക്കിയ 13.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഈ റോഡ് നിർമ്മാണം സംബന്ധിച്ച് പ്രായോഗികത (ഫീസിബിലിറ്റി) റിപ്പോർട്ട് നല്കുന്നതിനായി കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരി-തലായിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം

84 (4692) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി-തലായിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ കൈപ്പറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(സി) ഫിഷിംഗ് ഹാർബർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണുള്ളത് ;

(ഡി) ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) തലായി മത്സ്യബന്ധന തുറമുഖ പദ്ധതിക്കാവശ്യമായ അന്വേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സമർപ്പിക്കപ്പെട്ട ഇടക്കാല മാതൃകാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 1370 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി രൂപരേഖയ്ക്ക് കേന്ദ്രാനുമതി പ്രതീക്ഷിച്ചുകൊണ്ട് 3/2000-ൽ സംസ്ഥാന സർക്കാർ ഭരണാനുമതി നല്കി. സംസ്ഥാന സർക്കാരിന്റെ അനുമതിയെ തുടർന്ന് പാർക്കിംഗ് ഏരിയ, ഫയൽ റൂം, വെയ്ബ്രിഡ്ജ് ഫൗണ്ടേഷൻ എന്നിവയുടെ ടച്ചും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം തിരുവനന്തപുരത്തെ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനം വഴി മാതൃകാ പഠനം നടത്തി 1970 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് 6137/ബി2/02 എഫ്. ആന്റ് പി.ഡി. നമ്പർ പ്രകാരം 8-10-2002-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി രൂപരേഖയ്ക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മുഴപ്പിലങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുവാൻ നടപടി

85 (4693) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വേണ്ട എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുഴപ്പിലങ്ങാട് തറിയിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

(ബി) ബാധകമല്ല.

ടൂറിസ്റ്റുകളുടെ വരവിനെ ദോഷകരമായി ബാധിച്ച ഘടകങ്ങൾ

86 (4694) ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അടുത്ത കാലത്ത് പടർന്നുപിടിച്ച ഡെങ്കിപ്പനി ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ കേരളത്തിലേക്കുള്ള ടൂറിസ്റ്റുകളുടെ വരവിനെ ബാധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly